## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **6540** — **09.07.2014**- ലെ മറുപടിക്ക്

**ആലപ്പുഴ ജില്ലയിലെ സഹകരണ ബാങ്കുകളിൽ പട്ടിക വിഭാഗക്കാരുടെ വായ്പ എഴുതിത്തള്ളൽ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ആർ. രാജേഷ്** | | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ ബാങ്കുകളിൽ നിന്നും പട്ടികജാതി – പട്ടിക വർഗ്ഗ വിഭാഗക്കാർ എടുത്ത വായ്പാ തുക എഴുതിതള്ളുന്നത് സംബന്ധിച്ച നിലവിലെ മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | ഒന്നര ലക്ഷം രൂപാവരെ വാർഷിക വരുമാനമുള്ള പട്ടിക ജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിരുന്നതും 31.03.2006- ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിക്കുകയും 50,000/- രൂപാവരെയുള്ള കട ബാധ്യത സർക്കാർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പട്ടികവർഗ്ഗ വിഭാഗക്കാർ എടുത്ത വായ്പാ തുക എഴുതിത്തള്ളുന്നതിനുള്ള കടാശ്വാസ പദ്ധതി നിലവിലില്ല. |
| ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ ജില്ലയിൽ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത ഈ വിഭാഗത്തിൽപ്പെട്ട എത്ര ആളുകളുടെ വായ്പയാണ് എഴുതിത്തള്ളിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ ;<br>സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ ജില്ലയിൽ ഇത്തരത്തിൽ വായ്പ എഴുതിത്തള്ളുന്നതിനായി അപേക്ഷ നൽകിയ പട്ടികവിഭാഗക്കാരുടെ വിശദാംശങ്ങൾ നൽകാമോ; ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) യും (സി) യും | 10.12.2013-ലെ സ.ഉ(അച്ചടി) 99/13/ പജപവവിവ നമ്പർ പ്രകാരമുള്ള പദ്ധതി സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നതിനായി 12 കോടി രൂപ സർക്കാർ സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ടി ആനുകൂല്യത്തിന് അർഹതപ്പെട്ടവരെ കണ്ടെത്താനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**